©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ജനുവരി 28<br>28th January 2020<br>1195 മകരം 14<br>14th Makaram 1195<br>1941 മാഘം 8<br>8th Magha 1941 | നമ്പർ<br>No. | 271 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ.(അ)നമ്പർ 7/2020/ത.സ്വ.ഭ.വ.**
**എസ്. ആർ. ഒ. നമ്പർ 59/2020**

തിരുവനന്തപുരം, *2020, ജനുവരി 23*
*1195 മകരം 9*

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 51, 52 എന്നീ വകുപ്പുകൾ 254-ാം വകുപ്പിനോട് കൂട്ടി വായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചതിന് ശേഷം, 1995 ഫെബ്രുവരി 17-ാം തിയതിയിലെ സ.ഉ.(പി)27/95/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനപ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുറപ്പെടുവിച്ചതും 1995 ഫെബ്രുവരി 17–ാം തീയതിയിലെ 173–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 229/95–ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ 1995–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന്, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:–

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.– (1) ഈ ചട്ടങ്ങൾക്ക് 2020–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) മൂന്നാം ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.– 1995–ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ,– ഫാറം 2 എ ക്ക് പകരം, താഴെപ്പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്.–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാനാർത്ഥിയുടെ
അടുത്തകാലത്ത്
എടുത്ത പാസ്പോർട്ട്
വലുപ്പത്തിലുള്ള കളർ
ഫോട്ടോ
പതിക്കേണ്ടതാണ്

"ഫാറം 2 എ
[6(2 എ) ചട്ടം കാണുക)

## നാമനിർദ്ദേശ പത്രികയോടൊപ്പം സ്ഥാനാർത്ഥി വരണാധികാരി മുൻപാകെ സമർപ്പിക്കേണ്ട വിശദവിവരങ്ങൾ

....................................................*ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് ................. നമ്പർ ...............................................നിയോജക മണ്ഡലത്തിൽ നിന്നുള്ള തിരഞ്ഞെടുപ്പ്.

മേൽപ്പറഞ്ഞ തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയായ ................................................... വീട്ടിൽ ...............................................................................................................................

................................................................................(പൂർണ്ണമായ തപാൽ മേൽവിലാസം) ...........................................................*മകൻ/മകൾ/ഭാര്യ ............................. വയസുള്ള ................................................................. എന്ന ഞാൻ താഴെപ്പറയുന്ന സംഗതികൾ സത്യം ചെയ്തു ബോധിപ്പിക്കുന്നത്.

1. ഞാൻ .......................................................................................... എന്ന *രാഷ്ട്രീയകക്ഷിയുടെ സ്ഥാനാർത്ഥി/സ്വതന്ത്ര സ്ഥാനാർത്ഥിയായാണ് മത്സരിക്കുന്നത്.
2. എന്റെ പേര് .......................................................ഗ്രാമപഞ്ചായത്തിലെ ........................................... നിയോജക മണ്ഡലത്തിലെ വോട്ടർപട്ടികയിൽ പാർട്ട് നമ്പർ .......... ൽ ക്രമനമ്പർ .................... ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.
3. എന്റെ ആധാർ നമ്പർ .................................................... ആണ്.
4. എന്റെ ടെലിഫോൺ നമ്പർ ............................................ ആണ്.
5. എന്റെ ഇ-മെയിൽ അക്കൗണ്ട്..............................................ആണ്.
6. എന്റെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ താഴെപ്പറയുന്നവയാണ്.
   i) .............................................................
   ii) .............................................................

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

iii) ..............................................................

7. *എന്റെ വരുമാന നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള പെർമനന്റ് അക്കൗണ്ട് നമ്പർ(PAN) ................................................. ആണ്/എനിക്ക് പെർമനന്റ് അക്കൗണ്ട് നമ്പർ ഇല്ല

8. വിചാരണയിലുള്ള കേസ് സംബന്ധിച്ച വിവരം

(എ) *എനിക്കെതിരെ ഒരു ക്രിമിനൽ കുറ്റത്തിനും കോടതി മുൻപാകെ കേസ് വിചാരണയിലില്ല.

അല്ലെങ്കിൽ

(ബി) എനിക്കെതിരെ വിചാരണയിലുള്ള കേസുകളുടെ വിവരം

| | | |
|---|---|---|
| i) | പോലീസ് സ്റ്റേഷന്റെ പേരും എഫ്.ഐ.ആർ നമ്പരും | |
| ii) | കേസ് നമ്പർ | |
| iii) | കോടതിയുടെ പേരും സ്ഥലവും | |
| iv) | കുറ്റം സംബന്ധിച്ച വിവരണം | |
| v) | ബന്ധപ്പെട്ട നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസിൽ ചാർജ്ജ് തയ്യാറാക്കപ്പെട്ടിട്ടുള്ളത് | |

കുറിപ്പ്: 1) എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. "ബാധകമല്ല" എങ്കിൽ ആ വിവരം നൽകേണ്ടതാണ്.

2) വ്യാജമായ വിവരം നൽകുന്നത് തിരഞ്ഞെടുപ്പ് അസാധുവെന്ന് പ്രഖ്യാപിക്കുന്നതിനുള്ള കാരണമാണ്.

3) പൂർണ്ണമായ വിവരങ്ങൾ നൽകുന്നതിന് ആവശ്യമെങ്കിൽ കൂടുതൽ പേപ്പറുകൾ ഉപയോഗിക്കാവുന്നതാണ്.

*ബാധകമല്ലാത്തത് വെട്ടിക്കളയുക

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

9. ശിക്ഷിക്കപ്പെട്ട കേസ് സംബന്ധിച്ച വിവരം

(എ) *ഞാൻ ഒരു കേസിലും ശിക്ഷിക്കപ്പെട്ടിട്ടില്ല.

അല്ലെങ്കിൽ

(ബി) ഞാൻ ശിക്ഷിക്കപ്പെട്ട കേസുകളുടെ വിവരം

| | | |
|---|---|---|
| i) | കേസ് നമ്പർ | |
| ii) | കോടതിയുടെ പേരും സ്ഥലവും | |
| iii) | ശിക്ഷിക്കപ്പെട്ട കുറ്റം സംബന്ധിച്ച വിവരണം | |
| iv) | ബന്ധപ്പെട്ട നിയമത്തിലെ ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് ശിക്ഷ വിധിച്ചത് | |
| v) | വിധിച്ചിട്ടുള്ള ശിക്ഷ (ജയിൽ ശിക്ഷയുടെ കാലാവധി, പിഴയായി ചുമത്തിയ തുക എന്നിവ ) | |
| vi) | ശിക്ഷിക്കപ്പെട്ട തീയതി | |
| vii) | ശിക്ഷാവിധിക്കെതിരെ സമർപ്പിച്ചിട്ടുള്ള അപ്പീൽ, റിവിഷൻ മുതലായവ സംബന്ധിച്ച വിശദവിവരങ്ങൾ | |

കുറിപ്പ്: ക്രമ നമ്പർ 8(ബി)യിലെയും 9(ബി)യിലെയും വിവരങ്ങൾ രജിസ്റ്റേർഡ് തപാലിൽ ബന്ധപ്പെട്ട രാഷ്ട്രീയകക്ഷിയെ അറിയിച്ചിട്ടുണ്ട്.

10. ഞാൻ ഇതിനാൽ താഴെക്കാണുംപ്രകാരം എന്റെയും എന്റെ ഭാര്യ/ഭർത്താവിന്റെയും /ആശ്രിതരുടെയും** സ്വത്തുക്കൾ (സ്ഥാവര ജംഗമ വസ്തുക്കൾ, ബാങ്ക് ബാലൻസ് മുതലായവ) സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## എ. ജംഗമ സ്വത്തുക്കൾ സംബന്ധിച്ച വിശദാംശങ്ങൾ

(കൂട്ട് ഉടമസ്ഥാവകാശമുള്ള സ്വത്തിന്റെ കാര്യത്തിൽ ഓരോ പേരുകാരനും അയാളുടെ അവകാശത്തിന്റെ പരിധി വ്യക്തമാക്കേണ്ടതാണ്)

| ക്രമ നമ്പർ | വിവരണം | സ്വന്തം | ഭാര്യ/ ഭർത്താവിന്റെ പേരിൽ | ആശ്രിതൻ–1 | ആശ്രിതൻ–2 | ആശ്രിതൻ–3 |
|---|---|---|---|---|---|---|
| 1. | കയ്യിലുള്ള പണം | | | | | |
| 2. | ബാങ്കുകൾ, ബാങ്കിംഗ് ഇതര സാമ്പത്തിക കമ്പനികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ നിക്ഷേപങ്ങളുടെ വിശദവിവരവും ഓരോ നിക്ഷേപത്തിലെയും തുകയും | | | | | |
| 3. | കമ്പനികളിലെ ബോണ്ടുകൾ കടപത്രങ്ങൾ ഷെയറുകൾ, മ്യൂച്ചൽ ഫണ്ടുകൾ തുടങ്ങിയവയും തുകയും | | | | | |
| 4. | നാഷണൽ സേവിംഗ് സ്കീം, പോസ്റ്റൽ സേവിംഗ്സ്, എൽ.ഐ.സി തുടങ്ങിയ പോളിസികളും തുകയും | | | | | |
| 5. | മോട്ടോർ വാഹനങ്ങൾ തുടങ്ങിയവയും (മോഡൽ, രജിസ്ട്രേഷൻ നമ്പർ, വാങ്ങിയ വർഷം മുതലായവയും) വിലയും | | | | | |
| 6. | ആഭരണങ്ങൾ (തുക്കം, | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| | വില എന്നിവ) സംബന്ധിച്ച വിശദാംശങ്ങൾ | | | | | |
| 7. | മറ്റ് ആസ്തികൾ | | | | | |
| 8. | ആകെ ജംഗമ സ്വത്തുകളുടെ മൂല്യം (അവകാശങ്ങളുടെ മൂല്യം/പലിശ ഉടങ്ങിയവ) | | | | | |

<u>കുറിപ്പ്</u>:- ലിസ്റ്റ് ചെയ്തിട്ടുള്ള കമ്പനികളുടെ ബോണ്ടുകൾ, ഷെയറുകൾ, കടപത്രങ്ങൾ, മ്യൂച്വൽ ഫണ്ടുകൾ എന്നിവയുടെ ഏറ്റവുമൊടുവിലത്തെ സ്റ്റോക്ക് എക്സ്ചേഞ്ച് മാർക്കറ്റ് വിലയും ലിസ്റ്റ് ചെയ്യപ്പെടാത്ത കമ്പനിയുടെ കാര്യത്തിൽ അവയുടെ ബുക്ക് വിലയും നിശ്ചയമായി കാണിക്കേണ്ടതാണ്

** ആശ്രിതൻ എന്നാൽ സ്ഥാനാർത്ഥിയുടെ വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ആൾ എന്നർത്ഥമാകുന്നു.

## ബി. സ്ഥാവര സ്വത്തുക്കൾ സംബന്ധിച്ച വിശദാംശങ്ങൾ

(കൂട്ട് ഉടമസ്ഥാവകാശമുള്ള സ്വത്തിന്റെ കാര്യത്തിൽ ഓരോ പേരുകാരനുമുള്ള അവകാശത്തിന്റെ പരിധി വ്യക്തമാക്കേണ്ടതാണ്)

| ക്രമ നമ്പർ | വിവരണം | സ്വന്തം | ഭാര്യ/ ഭർത്താവിന്റെ പേരിൽ | ആശ്രിതൻ-1 | ആശ്രിതൻ-2 | ആശ്രിതൻ-3 |
|---|---|---|---|---|---|---|
| 1. | <u>**കാർഷിക ഭൂമി**</u><br>(i) എല്ലുക<br>(ii) സർവ്വേ നമ്പരും വില്ലേജും<br>(iii) വിസ്തീർണ്ണം (മൊത്തം അളവ്)<br>(iv) മാർക്കറ്റ് വില<br>(v) പാരമ്പര്യ സ്വത്താണോ/ സ്വയാർജ്ജിതമെങ്കിൽ ആർജ്ജിച്ച വർഷം | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| 2. | **<u>കാർഷികേതര ഭൂമി</u>**<br>(i) എല്ലുക<br>(vi) സർവ്വേ നമ്പരും വില്ലേജും<br>(ii) വിസ്തീർണ്ണം (മൊത്തം അളവ്)<br>(iii) മാർക്കറ്റ് വില<br>(iv) പാരമ്പര്യ സ്വത്താണോ/ സ്വയാർജ്ജിതമെങ്കിൽ ആർജ്ജിച്ച വർഷം | | | | | |
| 3. | **<u>കെട്ടിടങ്ങൾ (വാണിജ്യ സ്ഥാപനങ്ങളും വാസഗൃഹങ്ങളും)</u>**<br>(i) എല്ലുക<br>(ii) സർവ്വേ നമ്പർ/കെട്ടിട നമ്പർ<br>(iii) തറ വിസ്തീർണ്ണം (മൊത്തം അളവ്)<br>(iv) മാർക്കറ്റ് വില<br>(v) പാരമ്പര്യ സ്വത്താണോ/ സ്വയാർജ്ജിതമാണെങ്കിൽ ആർജ്ജിച്ച വർഷം | | | | | |
| 4. | **<u>വീട്ടുകൾ/അപ്പാർട്ട്മെന്റുകൾ തുടങ്ങിയവ</u>**<br>(i) എല്ലുക<br>(ii) സർവ്വേ നമ്പർ/കെട്ടിട നമ്പർ<br>(iii) തറ വിസ്തീർണ്ണം (മൊത്തം അളവ്)<br>(iv) മാർക്കറ്റ് വില<br>(v) പാരമ്പര്യ സ്വത്താണോ/ സ്വയാർജ്ജിതമാണെങ്കിൽ ആർജ്ജിച്ച വർഷം | | | | | |
| 5. | മറ്റുള്ളവ (വസ്തുക്കളിൽ നിന്നുള്ള ആദായം തുടങ്ങിയവ) | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | |
|---|---|---|---|---|---|---|
| 6. | ആകെ സ്ഥാവര സ്വത്തുക്കളുടെ മൂല്യം | | | | | |

11. **വരുമാന സ്രോതസ്സിന്റെ വിശദ വിവരങ്ങൾ**
(ഏർപ്പെടുന്ന തൊഴിലിന്റെ വിവരങ്ങൾ സഹിതം)

| | | |
|---|---|---|
| (എ) | സ്ഥാനാർത്ഥി | |
| (ബി) | ഭാര്യ/ഭർത്താവ് | |
| (സി) | ആശ്രിതർ | |

12. ഞാൻ, ഇതിനാൽ, താഴെക്കാണും പ്രകാരം എനിക്ക് പൊതുമേഖലാ സ്ഥാപനത്തിനോ സർക്കാരിനോ, തദ്ദേശസ്വയംഭരണസ്ഥാപനത്തിനോ നൽകേണ്ടതായ ബാദ്ധ്യത/കുടിശ്ശിക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ സമർപ്പിക്കുന്നു.

**ബാദ്ധ്യത/കുടിശ്ശിക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ**
(ഓരോ ഇനം സംബന്ധിച്ചും ബാങ്ക്, സ്ഥാപനം, വ്യക്തി, ബാദ്ധ്യത/കുടിശ്ശികയുള്ള തുക എന്നീ വിശദാംശങ്ങൾ നൽകേണ്ടതാണ്)

| ക്രമ നമ്പർ | വിവരണം | സ്വന്തം | ഭാര്യ/ ഭർത്താവിന്റെ പേരിൽ | ആശ്രിതൻ–1 | ആശ്രിതൻ–2 | ആശ്രിതൻ–3 |
|---|---|---|---|---|---|---|
| എ (i) | ബാങ്കുകൾക്ക് | | | | | |
| (ii) | പൊതുമേഖലാ സ്ഥാപനങ്ങൾക്ക് | | | | | |
| (iii) | സർക്കാരിലേക്ക് (ഇൻകംടാക്സ്, സ്വത്ത് നികുതി എന്നിവ ഒഴികെ) | | | | | |
| ബി (i) | സർച്ചാർജ് ഉൾപ്പെടെയുള്ള ഇൻകം ടാക്സ് ഇനത്തിൽ(ഇൻകം ടാക്സ് റിട്ടേൺ ഏത് അസ്സസ്സ്മെന്റ് വർഷം | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | വരെ സമർപ്പിച്ചിട്ടുണ്ടെന്ന് സൂചിപ്പിക്കുക) | | | | | |
| (ii) | സ്വത്ത് നികുതി ഇനത്തിൽ (സ്വത്ത് നികുതി റിട്ടേൺ ഏത് അസ്സസ്സ്മെന്റ് വർഷം വരെ സമർപ്പിച്ചിട്ടുണ്ടെന്ന് സൂചിപ്പിക്കുക) (പെർമനന്റ് അക്കൗണ്ട് നമ്പർ (PAN) കൂടി എഴുതുക) | | | | | |
| (iii) | ജി.എസ്.ടി നികുതി ഇനത്തിൽ (ഉടമസ്ഥാവകാശമുള്ള ബിസിനസ്സിന്റെ കാര്യത്തിൽ മാത്രം) | | | | | |
| (iv) | വസ്തു നികുതി ഇനത്തിൽ | | | | | |
| സി | വ്യക്തികൾക്ക് | | | | | |
| ഡി | ആകെ ബാദ്ധ്യതകൾ/കുടിശ്ശികകൾ | | | | | |

കുറിപ്പ്: ക്രമനമ്പർ 10-ലെയും 11-ലെയും വിവരങ്ങൾ മറച്ച് വയ്ക്കുന്നത് തിരഞ്ഞെടുപ്പ് അസാധുവാണെന്ന് പ്രഖ്യാപിക്കുന്നതിനുള്ള കാരണമാണ്.

13. സർക്കാരുമായോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായുള്ള കരാറിന്റെ വിശദവിവരം

| | | |
|---|---|---|
| (എ) | സ്ഥാനാർത്ഥി | |
| (ബി) | ഭാര്യ/ഭർത്താവ് | |
| (സി) | ആശ്രിതർ | |

14. എന്റെ ഉയർന്ന വിദ്യാഭ്യാസ യോഗ്യത താഴെ സൂചിപ്പിക്കുന്നു. (സ്കൂൾ/യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ വിശദാംശങ്ങൾ നൽകുക)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സ്കൂളിന്റെ പേര്/യൂണിവേഴ്സിറ്റി, കോഴ്സ് പൂർത്തിയാക്കിയ വർഷം എന്നിവ രേഖപ്പെടുത്തേണ്ടതാണ്)

15. 1999-ലെ കേരള തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ (കൂറുമാറ്റം നിരോധിക്കൽ) ആക്ട് പ്രകാരം കൂറുമാറ്റത്തിനു അയോഗ്യത കല്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിശദവിവരങ്ങൾ

**സാക്ഷ്യപ്പെടുത്തൽ**

മേൽ വിവരിച്ച വിശദവിവരങ്ങൾ ബോധിപ്പിച്ചിട്ടുള്ള .................................................. എന്ന ഞാൻ അതിൽ ഉൾപ്പെട്ട എല്ലാ സംഗതികളും എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയും സത്യവുമാണെന്നും അതിലെ ഒരു ഭാഗവും തെറ്റല്ലെന്നും വസ്തുതാപരമായ യാതൊരു സംഗതികളും ഇതിൽ നിന്നും മറച്ചുവെച്ചിട്ടില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തി പ്രഖ്യാപിക്കുന്നു.

....................................-ാം ആണ്ട്.......................................മാസം.............................തീയതി

സ്ഥലം................................................................

സ്ഥാനാർത്ഥിയുടെ ഒപ്പ്"

---

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**റ്റി.കെ.ജോസ്**

അഡീഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

നാമനിർദ്ദേശപത്രികയോടൊപ്പം സ്ഥാനാർത്ഥി സമർപ്പിക്കേണ്ട വിശദവിവരങ്ങൾ (2 എ ഫോറം) കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ ഉൾപ്പെടുത്തിയത് 2005-ലാണ്. തന്നെ പ്രതിനിധീകരിക്കുന്നയാളിനെക്കുറിച്ച് അറിയാനുള്ള വോട്ടറുടെ അവകാശം എന്ന നിലയിൽ സ്ഥാനാർത്ഥിയെക്കുറിച്ച് അറിയാനുള്ള അവകാശം ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 19(1) (എ) പ്രകാരം പൗരന്റെ മൗലിക അവകാശമാണെന്ന് ബഹു. സുപ്രീംകോടതി 13.09.2013-ൽ Resurgence India vs Election Commission of India (WP(C) 121/2008) കേസിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സ്ഥാനാർത്ഥിയുടെ പൂർവ്വകാലം വോട്ടർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നതിൽ നിന്നും തിരഞ്ഞെടുപ്പ് പ്രക്രിയ നീതിപൂർവ്വകമാക്കാനും വോട്ടവകാശം പവിത്രീകരിക്കാനും കഴിയുന്നതാണെന്ന് ബഹു. സുപ്രീം കോടതി 25.09.2018-ൽ Public Interest Foundation&Ors.Vs. Union of India (W.P(C)536/2011) കേസിലും അഭിപ്രായപ്പെടുകയുണ്ടായി. കൂടാതെ നാമനിർദ്ദേശ പത്രികയോടൊപ്പം സ്ഥാനാർത്ഥി സമർപ്പിക്കേണ്ട വിശദവിവരങ്ങളിൽ സ്ഥാനാർത്ഥിക്കെതിരെ നിലവിലുള്ള ക്രിമിനൽ കേസുകളുടെ വിശദ വിവരം നൽകാനും പ്രസ്തുത ക്രിമിനൽ കേസുകളുടെ വിവരം താൻ ഏത് രാഷ്ട്രീയകക്ഷിയുടെ സ്ഥാനാർത്ഥിയായാണോ മത്സരിക്കുന്നത് ആ രാഷ്ട്രീയകക്ഷിയെ സ്ഥാനാർത്ഥി അറിയിക്കാനും പ്രസ്തുത രാഷ്ട്രീയകക്ഷി സ്ഥാനാർത്ഥിയുടെ ക്രിമിനൽ പശ്ചാത്തലം തങ്ങളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാനും കൂടാതെ മാദ്ധ്യമങ്ങൾ വഴി പ്രചരിപ്പിക്കാനും ബഹു. സുപ്രീംകോടതി മേൽപ്പറഞ്ഞ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്.

അതുപോലെ തന്നെ, തിരഞ്ഞെടുപ്പിൽ ഏറ്റവും അനുയോജ്യരായ സ്ഥാനാർത്ഥിയെ തിരഞ്ഞെടുക്കുന്നതിന് സ്ഥാനാർത്ഥിയുടെ സാമ്പത്തിക പശ്ചാത്തലം അറിയാനുള്ള വോട്ടറുടെ അവകാശം ബഹു. സുപ്രീം കോടതി 16.02.2018-ൽ Lok Prahari v. Union of India & Ors (W.P(C) No. 784/2015) കേസിൽ ഊന്നിപ്പറയുകയുണ്ടായി. സ്ഥാനാർത്ഥിയുടെ ആസ്തി വിവരത്തിന് പുറമെ ടിയാളുടെ ഭാര്യ/ഭർത്താവ്/ആശ്രിതർ എന്നിവരുടെ ആസ്തി വിവരവും ഇവരുടെ വരുമാന സ്രോതസ്സിന്റെ വിവരവും കൂടി നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കണമെന്നും ഇത് നാമനിർദ്ദേശപത്രികയിൽ വെളിവാക്കാതിരിക്കുന്നത് തിരഞ്ഞെടുപ്പ് അഴിമതി പ്രവൃത്തിയാണെന്നും ബഹു. സുപ്രീംകോടതി മേൽപ്പറഞ്ഞ വിധിന്യായത്തിൽ വിധിച്ചിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ 1961-ലെ തിരഞ്ഞെടുപ്പ് നടത്തിപ്പുചട്ടങ്ങൾ ഭേദഗതി ചെയ്യുകയും (26.02.2019-ലെ എസ്.ഒ 1023(E) നമ്പർ വിജ്ഞാപനം) 2 എ ഫാറത്തിന് സമാനമായ ഫാറം 26 പുതുക്കുകയും ചെയ്തിട്ടുണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിധിന്യായങ്ങളുടെ വെളിച്ചത്തിൽ തിരഞ്ഞെടുപ്പ് പ്രക്രിയ നീതിപൂർവ്വകമാക്കുന്നതിനും വോട്ടർമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നാമനിർദ്ദേശപത്രികയോടൊപ്പം സ്ഥാനാർത്ഥി സമർപ്പിക്കുന്ന വിശദവിവരങ്ങൾ (2 എ ഫോറം) പുതുക്കി നൽകേണ്ടത് ആവശ്യമാണെന്ന് കാണുന്നു. ആയതിനാൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2020.01.28 04:30:38 +05:30